ഉത്തരം

(എ) ഉണ്ട്, 877 കേസുകൾ.

(ബി) സുപ്രീംകോടതിയിൽ 20 കേസുകളും ഹൈക്കോടതിയിൽ 385 കേസുകളും നിലവിലുണ്ട്.

(സി) ഉണ്ട്. 11-6-1997-ലെ ജി.ഒ.(പി) നമ്പർ 34/97/വി.ജി. പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

**അഴിമതി കേസ്സുകൾ**

105(397) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള എത്ര അഴിമതി കേസ്സുകൾ വിജിലൻസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് അഴിമതി നടത്തിയതും കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ടുള്ള പരാതികളിൽ വിജിലൻസ് റെയിഡുചെയ്ത് എത്ര രൂപയാണ് പിടിച്ചെടുത്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 738 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 44,38,026 രൂപ പിടിച്ചെടുത്തിട്ടുണ്ട്. കൈക്കൂലിയിനത്തിൽ പിടിച്ചെടുത്ത തുക 5,85,549 രൂപ. മിന്നൽ പരിശോധനയിലും റെയ്ഡിലുമായി പിടിച്ചെടുത്ത തുക 38,52,477 രൂപ.

**ഡിപ്പാർട്ട്മെന്റൽ പരീക്ഷാ സർട്ടിഫിക്കറ്റ് വ്യാജമായി സർവ്വീസ് ബുക്കുകളിൽ ഉൾപ്പെടുത്തിയതായ റിപ്പോർട്ട്**

106 (398) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ പരിധിയിൽ ഡിപ്പാർട്ട്മെന്റൽ പരീക്ഷാ സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പരിശോധന കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഡിപ്പാർട്ടുമെന്റൽ പരീക്ഷാ സർട്ടിഫിക്കറ്റുകൾ വ്യാജമായി സർവ്വീസ് പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ആയതുകൂടി പരിശോധിക്കുന്നതിന് അടിയന്തര ഉത്തരവ് നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly